# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നേമം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/റ്റിവിഎം./ബിപി.1/1519/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നേമം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉ.പ.സ)

നമ്പർ: കെഎസ്എ/റ്റിവിഎം./ബിപി.1/1519/2023 തീയ്യതി: 16/10/2023

## തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ.ജി | ജോയിന്റ് ഡയറക്ടർ | 24-07-2023 | 01-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-07-2023 | 01-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രതാപ്കുമാർ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ അനിൽകുമാർ ആർ ( അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി ആശ ജി ആർ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ അൻവർരാജ് എം (സീനിയർ ഗ്രേഡ് ഓഡിറ്റർ )

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എസ്.കെ.പ്രീജ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| കെ.അജികുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ഷീജ.പി.കെ | സൂപ്രണ്ട്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി | 01-04-2022 | 02-03-2023 |

| | | | |
|---|---|---|---|
| | മലയിൻകീഴ് | | |
| ഡോ.അഞ്ജലി.എൻ.യൂ | സൂപ്രണ്ട്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി മലയിൻകീഴ് | 03-03-2023 | 31-03-2023 |
| ലിജു.എൽ.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഹരികൃഷ്ണൻ.സി.ജി | എസ്.സി.ഡി.ഒ | 01-04-2022 | 31-03-2023 |
| ജയശ്രീ.എം.ഡി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.എലിസബത്ത് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി വിളപ്പിൽ | 01-04-2022 | 31-05-2022 |
| ഡോ.രമ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി വിളപ്പിൽ | 01-06-2022 | 31-03-2023 |
| ഹേമ | സി.ഡി.പി.ഒ നേമം അഡീഷണൽ | 01-04-2022 | 31-03-2023 |
| യമുന | സി.ഡി.പി.ഒ നേമം | 01-04-2022 | 19-12-2023 |
| ബിന്ദുകുമാരി | സി.ഡി.പി.ഒ നേമം | 20-12-2022 | 31-03-2023 |
| ശ്രീലേഖ.പി.കെ | ക്ഷീര വികസന ഓഫീസർ | 01-04-2022 | 24-06-2022 |
| ബിന്ദു.ബി.എൻ | ക്ഷീര വികസന ഓഫീസർ | 25-06-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-1 |
| 3 | ചെലവ് തുകകൾ ബന്ധപ്പെട്ട ഉദ്ദേശം പ്രതിഫലിപ്പിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്യുന്നില്ല | 1-1-2 |
| 4 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ബാങ്ക് ബുക്കിൽ ശരിയായ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-9 |
| 11 | ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. | 1-1-10 |
| 12 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | എല്ലാ അക്കൌണ്ടുകളുടെയും വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-13 |
| 15 | സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-14 |
| 16 | എ.സി.ആർ പ്രകാരമുള്ള ചെലവ് സുലേഖ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | ജില്ലാ , ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിലെ വരവ് ചെലവുകൾ പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 23 | പി.എം.എ.വൈ/ലൈഫ് പദ്ധതി - അപാകതകൾ | 1-7 |
| 24 | ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. | 1-8 |
| 25 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"- പോർട്ടലിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-9 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-10 |
| 27 | സ്രോതസിൽ നിന്നും നികുതി കുറവ് ചെയ്തിട്ടില്ല. | 1-11 |
| 28 | സെക്രട്ടറിയുടെ പേരിൽ ആരംഭിച്ചിരിക്കുന്ന അക്കൌണ്ടിന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-12 |
| 29 | പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാനാകാത്തത് | 1-13 |
| 30 | സബ്സെന്റർ- കെട്ടിടനിർമ്മാണം പൂർത്തീകരിച്ചില്ല | 1-14 |

| | | |
|---|---|---|
| 31 | രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 3445955/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 32 | വി.എഫ്.പി.സി.കെ. സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ - സി.സി.ടി.വി. സ്ഥാപിച്ചില്ല | 1-16 |
| 33 | ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 13-ാം പദ്ധതി കാലയളവിൽ ആരംഭിച്ച പദ്ധതികൾ നിഷ്ക്രിയ ആസ്തികളായി തുടരുന്നു. | 1-17 |
| 34 | ഔദ്യോഗിക വാഹനത്തിന്റെ ട്രാഫിക് പിഴത്തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയത് ക്രമവിരുദ്ധം - ചെലവ് തുക 5200/- രൂപ നിരാകരിക്കുന്നു | 1-18 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഔദ്യോഗിക വാഹനത്തിന്റെ ട്രാഫിക് പിഴത്തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയത് ക്രമവിരുദ്ധം - ചെലവ് തുക 5200/- രൂപ നിരാകരിക്കുന്നു | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.06.2023 തീയതിയിലെ II(4) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി, 04.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നേമം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:

തീയതി:

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

ഉദാ- ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് വാഹനം വാങ്ങൽ ( പ്രോജക്ട് നം 136/23) എന്ന പ്രോജക്ട് പ്രകാരം 11,78,503/- രൂപ (വികസനഫണ്ട് (ജനറൽ) ) ചെലവഴിച്ച് വാങ്ങിയ വാഹനത്തിന്റെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ചെലവ് തുകകൾ ബന്ധപ്പെട്ട ഉദ്ദേശം പ്രതിഫലിപ്പിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്യുന്നില്ല

ഉദാ- എ. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ-രണ്ടാം ഘട്ടം ബാലരാമപുരം ഡിവിഷൻ കോട്ടുകാൽക്കോണം വാർഡ് എന്ന പ്രവർത്തിയ്ക്കായി (പ്രോജക്ട് നം – 189/23) 1,10,670/- രൂപ കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല.

ബി. കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ VFPCK CCTV ക്യാമറ ഇൻസ്റ്റലേഷൻ എന്ന പ്രോജക്ട് പ്രകാരം ( പ്രോജക്ട് നം 197) പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷന് ഡെപ്പോസിറ്റ് വർക്കായി 1,50,000/ രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആയത് ഡെപ്പോസിറ്റ് ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല.

സി. IAYപദ്ധതിയ്ക്കായി കല്ലിയൂർ സർവീസ് സഹകരണ ബാങ്കിൽ നിന്നും എടുത്ത 60ലക്ഷം വായ്പ തുകയുടെ മുതൽ തിരിച്ചടവിനായി പ്രോജക്ട് പ്രകാരം 450000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ ഐ.എ.വൈതിരിച്ചടവിന്റെ വിവരങ്ങൾ പ്രതിഫലിച്ചിട്ടില്ല.
വിശദാംശം ചുവടെ

| മുന്നിരിപ്പ് (ധനകാര്യപത്രിക പ്രകാരം ) | തൻവർഷം ഒടുക്കിയ തുക (സുലേഖ പ്രകാരം ) | നീക്കിയിരിപ്പ് (ധനകാര്യപത്രിക പ്രകാരം ) |
|---|---|---|
| 855392 | 450000 | 855392 |

### 1-1-3 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-4 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

ഉദാ- തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല.

1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-6 ബാങ്ക് ബുക്കിൽ ശരിയായ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ

MGNREGS ന്റെ എസ്.ബി.ഐ മലയിൻകീഴിൽ നിലവിലുള്ള അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുത്താനായിട്ടില്ല. ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള വരവു,ചെലവുകൾ അതാത് സമയം ബാങ്ക് ബുക്കിൽ രേഖപ്പെടുത്താ തെ ഒന്നിലധികം ഇടപാടുകൾ ഒരുമിച്ച് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതിനാലാണ് ഇപ്രകാരമുള്ള അപാകതയുണ്ടാകുന്നത് .

1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റ ർ ,മുൻകൂർ രജിസ്ററർ എന്നിവ സൂക്ഷിച്ചിട്ടി ല്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷികധനകാര്യപത്രിക യിലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .

1-1-8 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

IAYലോൺ രജിസ്റ്ററിലെ നീക്കിയിരിപ്പും ധനകാര്യപത്രികയിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| നീക്കിയിരിപ്പ് | |
|---|---|
| ലോൺ രജിസ്റ്റർ പ്രകാരം | 405312 |
| ധനകാര്യപത്രിക പ്രകാരം | 855392 |

1-1-9 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

ജേണൽവൌച്ചറുകളും കോൺട്രാവൌച്ചറുകളും വരുംവർഷങ്ങളിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി.

1-1-10 ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ധനകാര്യപത്രികയിലെ ( Income & Expenditure Statement I-17(a) )രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുത്താനായിട്ടില്ല.

1-1-11 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് ഉടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-12 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

( എ) ധനകാര്യസ്റ്റേറ്റ്മെന്റിലെ ആർ പി 40(b) പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| അക്കൌണ്ട് നം | നീക്കിയിരിപ്പ് | |
|---|---|---|
| | ആർ പി 40 B പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |
| LGTSB (799013000000296) | -19724 | 0 |
| സി.എഫ്.സി (ടൈഡ്) IOB Vilavoorkkal121201000015219 | 6345990 | 64233383.80 |

(ബി) സി.എഫ്.സി ഫണ്ട് നീക്കിയിരിപ്പ് കാഷ് ബുക്കിലെയും ധനകാര്യപത്രികയിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല .

| ഫണ്ടിനം | നീക്കിയിരിപ്പ് | |
|---|---|---|
| | കാഷ് ബുക്ക് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
| സി.എഫ്.സി | 6439877.40 | 6345990 |

(സി) സി.എഫ്.സി ഫണ്ട് നീക്കിയിരിപ്പ് B4, B17എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുത്തിന്നില്ല. വിശദാംശം ചുവടെ

| ഫണ്ടിനം | നീക്കിയിരിപ്പ് | |
|---|---|---|
| | ബി4 | ബി 17 |
| സി.എഫ്. സി | 6423113 | 6345990 |

.......

## 1-1-13 എല്ലാ അക്കൌണ്ടുകളുടെയും വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സെക്രട്ടറിയുടെ പേരിൽ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന അക്കൌണ്ടുകളുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല .

| അക്കൌണ്ട് നം | ബാങ്ക് | നീക്കിയിരിപ്പ് |
|---|---|---|
| 2034012718 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, മലയിൻകീഴ് | 977659.60 |
| 11027476686 | കാനറാ ബാങ്ക്, മലയിൻകീഴ് | 17,13,937/- |

അക്കൌണ്ടുകൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമല്ല .

## 1-1-14 സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-15 എ.സി.ആർ പ്രകാരമുള്ള ചെലവ് സുലേഖ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ചെലവ് | |
|---|---|---|
| | എ.സി.ആർ | സുലേഖ |
| വികസനഫണ്ട് ജനറൽ | 38468523/- | 37956970/- |
| വികസനഫണ്ട് എസ് സി പി | 25019940/- | 24379940/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 12437000/- | 11085334/- |

## 1-1-16 ജില്ലാ , ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിലെ വരവ് ചെലവുകൾ പൊരുത്തപ്പെടുന്നില്ല

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരുപ്പ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചത് | 4778630/- | 1545611 | 145611 | 3012 |
| ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചത് | 3016563/- | 0 | 0 | 0 |
| മുനിസിപ്പൽ കോർപറേഷനിൽ നിന്നും ലഭിച്ചത് | 0 | 1654000 | * | ० |

*ധനകാര്യപത്രികയിൽ ചെലവ് ഏത് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ചെലവുതുകയും ലഭ്യമാക്കേണ്ടതാണ്. പി.എം.എ.വൈ പദ്ധതി ഗ്രാമ, ജില്ല പഞ്ചായത്തുകളുടെ വിഹിതം കൂടി ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നതെങ്കിലും പ്രോജക്ട് അടങ്കൽ ഗ്രാമ,ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ തുക വകയിരുത്തുന്നില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.3.2022ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് മുന്നിരുപ്പ് 3,92,80,310/- രൂപയും വരവ് 44,87,42,682/- രൂപയും ചെലവ് 46,17,17,167/-രൂപയും ബജറ്റ് നീക്കിയിരുപ്പ് 2,63,05,825/- രൂപയുമാണ് .

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ബജറ്റ് തയ്യാറാക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് നിയമം 214 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ഉദാഹരണമായി

1) ബജറ്റ് തയ്യാറാക്കുന്നതിന് ഘടകസ്ഥാപനങ്ങളിൽ നിന്നും നോൺപ്ലാൻ വരവ്, ചെലവുകളുടെ കരട് പ്രപ്പോസൽ സ്വീകരിച്ചിട്ടില്ല.

2) ബജറ്റ് തയ്യാറാക്കുന്നതിന് വികസനകാര്യ, ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം കൂടി തീരുമാനങ്ങൾ സ്വീകരിച്ചിട്ട് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ബജറ്റ് ശുപാർശകൾ സ്വീകരിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളത്.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6), (8) പ്രകാരം ബജറ്റ് പ്രകാരം വകയിരുത്തിയതിലുമധികമായി ചെലവുകൾ ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി തുക ചെലവു ചെയ്തിരിക്കുന്നു. (ഉദാ- ജനപ്രതിനിധികൾക്കുള്ള യാത്രാബത്ത (2102005),Rates (2201002) ) .

4) ബജറ്റിനുള്ളിൽ ചെലവുകൾ നിയന്ത്രിക്കുന്നതിനും, അത്യാവശ്യമുള്ള ചെലവുകൾക്കായി ബജറ്റ് ഭേദഗതി വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിച്ചു കാണുന്നില്ല. കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72, 73, 74 എന്നിവ അനുസരിച്ചു ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പാസ്സാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് പുതുക്കുകയോ അനുപൂരക ബജറ്റ് പാസ്സാക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം 2/25.07.2023)ന് മറുപടി ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20253655 |
| ഓഡിറ്റ് വർഷത്തെ വരവ് | 111544348 |
| ആകെ | 131798003 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 124452794 |
| നീക്കിയിരിപ്പ് | 7345209 |
| | |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ഫണ്ട് വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 43551000 | 43551000 | 37956970 | 5594030 |
| വികസനഫണ്ട് എസ്.സി.പി | 0 | 26980000 | 26980000 | 24379940 | 2600060 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 236000 | 236000 | 157500 | 78500 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 12437000 | 12437000 | 11085334 | 1351666 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | 0 | 7264596 | 7264596 | 3661451 | 3630145 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 13725966 | 13725966 | 14534535 | -808569 |
| CSS | 0 | 0 | 0 | 0 | 0 |
| SSS | 0 | 0 | 0 | 0 | 0 |

ഗ്രാന്റ് വിനിയോഗം- അപാകതകൾ

I. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ 2021-22 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഹെഡ്സ് കോഡ് | തുക |
|---|---|---|
| Centrally Sponsored Schemes - Grant From Central Govt | 320300199 | 86550 |

II) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ടിനം | | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 43551000 | 37956970 | 5594030 |
| | എ സി ആർ പ്രകാരം | 43551000 | 38468523 | 5082477 |
| വികസനഫണ്ട് (എസ് സി പി) | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 26980000 | 24379940 | 2600060 |
| | എ സി ആർ പ്രകാരം | 26980000 | 25019940 | 1960060 |
| മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 12437000 | 11085334 | 1351666 |
| | എ സി ആർ പ്രകാരം | 12437000 | 12437000 | 0 |

III) കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവിന്റെ വിശദാംശങ്ങൾ ഗ്രാന്റ് പത്രികയിൽ രേഖപ്പെടുത്തുന്നില്ല. ധനകാര്യകമ്മിഷൻ (Untied) ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു.

IV) ചുവടെ ചേർക്കുന്നയിനങ്ങളിലെ ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ടിനം | നീക്കിയിരിപ്പ് | |
|---|---|---|
| | ധനകാര്യപത്രിക പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 6345990 | -808569 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | | 3603145 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നം 12/29.07.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| 1 | 2 | 3 | 4 |
|---|---|---|---|
| ഫണ്ടിനം | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | ക്യാരി ഓവറായി ലഭിച്ചത് കുറച്ച് നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസനഫണ്ട് സാധാരണ വിഹിതം | 43551000 | 37956970 | 5594030 |

| | | | |
|---|---|---|---|
| പട്ടിക ജാതി ഉപപദ്ധതി | 26980000 | 24379940 | 2600060 |
| പട്ടിക വർഗ്ഗ ഉപപദ്ധതി | 236000 | 157500 | 78500 |
| CFC Grant | 21064800 | 18195986 | 2868814 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 12437000 | 11085334 | 1351666 |

2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ശിശു വികസന പ്രോജക്ട് ഓഫീസർ | 8 | 8 | 0 | 7523767 | 6377209 | 85 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 35 | 32 | 3 | 23717613 | 21801214 | 92 |
| മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 19 | 19 | 0 | 14235000 | 11549796 | 81 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 0 | 12450000 | 11530000 | 93 |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ | 89 | 78 | 11 | 48249856 | 34590587 | 72 |
| അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 7 | 7 | 0 | 1969440 | 1969440 | 100 |
| അസിസ്റ്റന്റ് ഡയറക്ടർ/സീനിയർ വെറ്റിനറി സർജൻ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 0 | 7552440 | 5837934 | 77 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 7116340 | 2040000 | 29 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 43651000 | 37956970 | 87 |
| എസ്.സി.പി. | 27726483 | 24379940 | 88 |
| ടി.എസ്.പി. | 236000 | 157500 | 67 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 24655644 | 18195986 | 74 |
| തനത് ഫണ്ട് | 1734181 | 1357370 | 78 |
| മറ്റ് ഗ്രാമപഞ്ചായത്ത് | 1550000 | 145611 | 9 |
| മെയിന്റനൻസ് നോൺ റോഡ് | 15003748 | 11085334 | 74 |

| | | | |
|---|---|---|---|
| മറ്റുള്ളവ | 5707400 | 1562707 | 27 |
| ആകെ | 122814456 | 95696180 | 78 |

ആസൂത്രണ സമിതി

പതിനാലാം പദ്ധതി കാലയളവിലേയ്ക്കായി 16 അംഗ ആസൂത്രണ സമിതിയെ പുന:സംഘടിപ്പിച്ചതായി കാണുന്നു. എന്നാൽ 14-ാം പദ്ധതി മാർഗ്ഗരേഖ (19.04.22 ലെ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ) ഖണ്ഡിക 3.1.1 അനുശാസിക്കും പ്രകാരം അംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത, വൈദഗ്ധ്യം/പരിചയ മേഖല എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന ഫോറം 1 മാതൃകയിൽ, സ്ഥാപനത്തിന്റെ വെബ് സൈറ്റിലും നോട്ടീസ് ബോർഡിലും പ്രദർശിപ്പിച്ചിട്ടില്ല.

2022-23 വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിന് മുന്നോടിയായി ആസൂത്രണസമിതി 2021-22 വർഷത്തിൽ മൂന്ന് തവണയും (30/12/21, 04/01/22, 19/01/22) 2022-23 വർഷത്തിൽ രണ്ട് തവണയും (19.05.20, 22.06.22) യോഗം കൂടിയിട്ടുണ്ട്.

പതിനാലാം പദ്ധതി മാർഗ്ഗരേഖ പ്രകാരം, ആസൂത്രണ സമിതി, പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും, അതിന് ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ എങ്കിലും യോഗം ചേരണം എന്ന് അനുശാസിക്കുന്നു. പദ്ധതി ആസൂത്രണം, നിർവ്വഹണം, ഏകോപനം എന്നീ ഉത്തരവാദിത്വങ്ങൾ ഉള്ള ആസൂത്രണസമിതി തുടർച്ചയായി പ്രവർത്തിക്കുന്നു എന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ

14-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന് അനുശാസിക്കുന്നുവെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ അപ്രകാരം പ്രവർത്തനം നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ബ്ലോക്ക് ഗ്രാമസഭ

ഓഡിറ്റ് വർഷത്തിൽ 12.11.22, 07.06.22 തീയതികളിൽ നേമം ബ്ലോക്ക് ഗ്രാമസഭകൾ കൂടിയതായി കാണുന്നു. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.4(7) പ്രകാരം ഗ്രാമസഭകൾ ബ്ലോക്ക് പഞ്ചായത്തിന്റെ പരിഗണനയ്ക്കായി തയ്യാറാക്കി അയയ്ക്കുന്ന നിർദ്ദേശങ്ങൾ ബ്ലോക്ക് ഗ്രാമസഭകളിൽ ചർച്ച ചെയ്ത് ഉചിത തീരുമാനം എടുക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ അപ്രകാരം ചർച്ച നടന്നതായി കാണുന്നില്ല.

പ്രോജക്ട് രൂപീകരണം

വർക്കിംഗ് ഗ്രൂപ്പ് ചർച്ചകളിലും സ്റ്റാറ്റസ് റിപ്പോർട്ടിലും നിർദ്ദേശിക്കപ്പെട്ട പല പ്രശ്ന പരിഹാര മാർഗ്ഗങ്ങളും സാക്ഷാത്കരിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടായതായി കാണുന്നില്ല. ഉദാഹരണമായി, പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട് പ്രദേശത്തെ ഭൂമി വില വർദ്ധിച്ചതും, കെട്ടിട വാടക ഉയർന്നതും മൂലം പുതിയ വാണിജ്യവ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നതായും, ഇതിന് പരിഹാരമായി സർക്കാർ സഹായത്തോടെ വ്യവസായ പാർക്കുകൾ സ്ഥാപിച്ച് സംരംഭകർക്ക് വാടകയ്ക്ക് നൽകാനും, പേപ്പർ ക്യാരിബാഗ്, റെഡിമെയ്ഡ് ഗാർമെന്റ്സ്, ഫുഡ് പ്രോഡക്ട്സ് , വാഴനാര് കൊണ്ടുള്ള ഉല്പന്നങ്ങൾ, കാർഷിക ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റ്, ബ്ലോക്ക് തല നാളികേര എണ്ണ ഉത്പാദന യൂണിറ്റ് എന്നിവയും ശുചിത്വവുമായി ബന്ധപ്പെട്ട് ഘടകസ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ, വാർഡുകളിൽ മാലിന്യസംസ്കരണ യൂണിറ്റുകൾ, പ്ലാസ്റ്റിക് റീസൈക്കിളിംഗ് യൂണിറ്റ്, തുണിസഞ്ചി പ്രോൽസാഹനം എന്നിവയ്ക്കായും പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിലും ടി ലക്ഷ്യസാക്ഷാത്കാരത്തിനായി 2022-23 വർഷത്തിൽ പദ്ധതികൾ ഒന്നും രൂപീകരിക്കപ്പെട്ടതായി കാണുന്നില്ല.

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1) പദ്ധതി നടത്തിപ്പ് മോണിറ്ററിംഗ് സമിതികൾ കൃത്യമായി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നില്ല.

2 ) നിഷ്ക്രിയ ആസ്തികൾ പ്രവർത്തനക്ഷമമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നില്ല. RRF നായി 2018-19 ൽ നിർമിച്ച കെട്ടിടവും , 2019-20 ൽ സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റും നാളിതുവരെ പ്രവർത്തനം ആരംഭിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

3) ഓഫീസ് ജോലിവിഭജനവും രജിസ്റ്ററുകളുടെയും റിക്കാർഡുകളുടെയും പരിപാലനവും തൃപ്തികരമാണ്.

അപാകങ്ങൾ പരിഹരിച്ച് അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-7 പി.എം.എ.വൈ/ലൈഫ് പദ്ധതി - അപാകതകൾ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നിർവഹണം നടത്തിയ പി.എം.എ.വൈ/ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം , പേര് | അടങ്കൽ | ചെലവ് (വിവിധ ബില്ലുകൾ ) |
|---|---|---|
| 68/23 പി.എം.എ.വൈ - ലൈഫ് (എസ് സി പി) | 6322580 (വികസന ഫണ്ട് എസ് സി പി) | 6322580 |
| 67/23 പി.എം.എ.വൈ - ലൈഫ് ജനറൽ | 65,14,040 ( വികസന ഫണ്ട്) | 65,14,040 |

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) പതിനാലാം പഞ്ചവത്സരപദ്ധതി വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖ ഖണ്ഡിക 3.5.4 പ്രകാരം ( സ.ഉ(കൈ) 84/2022/ തസ്വഭവ തീയതി 29.04.2022) സംയുക്ത പ്രോജക്ടുകൾ തയാറാക്കേണ്ടത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ത്രിതലപഞ്ചായത്തുകളുടെ സംയുക്ത യോഗത്തിൽ തീരുമാനിച്ച പ്രകാരം വിഹിതം വകയിരുത്തി പ്രോജക്ട് തയാറാക്കേണ്ടതും സുലേഖ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ പ്രോജക്ടുകൾ പ്രകാരം ഹൌസിംഗ് ഓഫീസർ ശുപാർശ ചെയ്യുന്ന പി.എം.എ.വൈ ഗുണഭോക്താക്കൾക്കുള്ള വിഹിതം കൂടാതെ ലൈഫ് പദ്ധതിയ്ക്കായുള്ള ഗ്രാമപഞ്ചായത്ത് വിഹിതം കൂടി നൽകിയിരിക്കുന്നു. ലൈഫ്-സംയുക്തപദ്ധതിയായി രൂപീകരിക്കുകയോ വിഹിതം വകയിരുത്തി ചെലവുചെയ്യുകയോ ചെയ്തിട്ടില്ല.

ഇപ്രകാരം ഒരേ പ്രോജക്ടിൽ വകയിരുത്തിയ തുകയിൽ നിന്നും ഒന്നിലധികം പദ്ധതിയുടെ നടത്തിപ്പിനായി (ഗുണഭോക്താക്കൾക്ക് നൽകിയ തുക, ഗ്രാമപഞ്ചായത്ത് ലൈഫ് വിഹിതം ) നൽകിയ തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നം, പേര് | തുക നൽകിയതിന്റെ വിവരങ്ങൾ | | |
|---|---|---|---|
| | പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് | ലൈഫ് വിഹിതമായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് | ആകെ ചെലവ് |
| 68/23 പി.എം.എ.വൈ (എസ് സി) | 3911580 | 2411000 | 6322580 |
| 62/23 പി.എം.എ.വൈ (ജനറൽ) | 1314040 | 5200000 | 6514040 |

സർക്കാർ നിർദ്ദേശം പാലിക്കാതെ ലൈഫ് പദ്ധതിയ്ക്കായുള്ള ഗ്രാമപഞ്ചായത്ത് വിഹിതം, പി.എം.എ. വൈ പ്രോജക്ടിൽ നിന്നും ചെലവുചെയ്തതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം7) സംയുക്ത പ്രോജക്ട് അല്ലാത്തതിനാൽ സോഫ്റ്റ്വെറിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല എന്ന മറുപടി അംഗീകരിക്കുന്നില്ല.

തുടർവർഷങ്ങളിൽ  സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ട് തയാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ബി) പി.എം.എ.വൈ (എസ്.സി), ജനറൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്ററുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വിഹിതവും ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ സുലേഖ പത്രികയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി അടങ്കൽ വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

(സി) ഭവനനിർമാണം പൂർത്തിയാക്കാത്തവരുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 7) ലഭ്യമാക്കിയ മറുപടി പ്രകാരം നാളിതുവരെ ഭവനനിർമാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു. രജിസ്റ്റർ പ്രകാരം

| ഗുണഭോക്താവിന്റെ പേര് | PMAY ID NO | നാളിതുവരെ നൽകിയ തുക |
|---|---|---|
| പി.എം.എ.വൈ (ജനറൽ) മോഹനൻ പി ( വിളവൂർക്കൽ ഗ്രാ.പ ) | KL 148101975 | 258000/- |
| പി.എം.എ.വൈ(എസ്.സി) കെ ശിവരാജൻ ( വിളപ്പിൽ ) വീണ ( വിളപ്പിൽ ) | KL 150038433 KL 148881737 | 48000/- 48000/- |
| ഗീത എസ് (വിളവൂർക്കൽ) | KL 145177452 | 306000/- |
| ഹരികുമാർ എസ് എൽ (വിളവൂർക്കൽ) | KL 145604121 | 258000/- |

ഗുണഭോക്താക്കൾ ഭവനനിർമാണം യഥാസമയം പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.പൂർണ്ണമാക്കിയ ആസ്തി രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ഖണ്ഡിക 3.22 ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.  സ.ഉ.(കൈ)നം.255/2013 /തസ്വഭവ തീയതി 18.07.2013 പ്രകാരം ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നുവെങ്കിലും മേൽ പരാമർശിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ

പാലിച്ചിട്ടില്ല. 2012 വരെ സൃഷ്ടിച്ച ആസ്തികളുടെ വിവരങ്ങൾ (Movable Assets) മാത്രം അപൂർണമായി രേഖപ്പെടുത്തിയ രജിസ്റ്ററാണ് ലഭ്യമാക്കിയത് .എല്ലാ ആസ്തികളുടെയും ചേർക്കപ്പെടുന്ന മൂല്യങ്ങൾ ധനകാര്യപത്രികയിലും (ബി 11) ആസ്തിരജിസ്റ്ററിലും ഉൾപ്പെടുത്തുന്നില്ല. ഉദാ- സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനു വാഹനം വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം പുതിയ വാഹനം (KL 74 C 8820) വാങ്ങിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു . (ഓഡിറ്റ് എൻക്വയറി നം 8/27.07.2023)

## 1-9 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"- പോർട്ടലിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020ലെ 59/2020നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ , സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ"VEELS"-എന്നസെറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്ക ാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 7) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം , പേര് | അടങ്കൽ പൊതുവിഭാഗം- സാ.ധാ | ചെലവ് | എ.സി ആർ ബിൽ നം , തീയതി |
|---|---|---|---|---|
| 1 | 75/23, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഗുഡ് സർട്ടിഫിക്കറ്റ് | 62500 | 62500 (25*2500) | 323/23.02.23 |
| 2 | 71/23പത്താം തരം തുല്യത | 43750 | 43750 (25*1750) | 342/28.02.23 |
| 3 | 72/23 ഹയർ സെക്കന്ററി തുല്യത ഒന്നാം വർഷ കോഴ്സ് ഫീസ് | 55000 | 55000 (25*2200) | 321/23.02.23 |
| 4 | 73/23 ഹയർ സെക്കന്ററി തുല്യത രണ്ടാം വർഷ കോഴ്സ് ഫീസ് | 55000 | 55000 (25*2200) | 322/23.02.23 |
| 5 | പ്രോജക്ട് നം 189/23 ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ രണ്ടാം ഘട്ടം ബാലരാമപുരം കോട്ടുകാൽകോണം വാർഡ് | 110670 ( വികസന ഫണ്ട് ജനറൽ ) | 110670 | 155/09.12.2022 |

ക്രമ നം 1 മുതൽ 4 വരെ - ജില്ലാ സാക്ഷരതാമിഷനിൽ നിന്നുള്ള കൈപ്പറ്റ് രസീത് , വിനിയോഗ സാക്ഷ്യപത്ര ം ലഭ്യമാക്കിയിട്ടില്ല

ക്രമ നം 5- ഡെപ്പോസിറ്റ് വർക്കിനായി ബാലരാമപുരം ഇലക്ട്രിക്കൽ ഡിവിഷന് (കെ.എസ്.ഇ.ബി) 110670 /- രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ , കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 6/26.07.2023)

## 1-11 സ്രോതസിൽ നിന്നും നികുതി കുറവ് ചെയ്തിട്ടില്ല.

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളെ സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

CGST Act2017 ലെ വകുപ്പ് 51(1) ൽ ആകെ വിതരണത്തിന്റെ മൂല്യം 2.50ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസിൽ നിന്നും 1%തുക കുറവുചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. SGST Act ലെ വകുപ്പ് 51(1) ലും

സമാനമായ വ്യവസ്ഥയുണ്ട്. ആയതിനാൽ SGST,CGST ഇനത്തിൽ ആകെ 2% തുക സ്രോതസിൽ നിന്നും കുറവുചെയ്യേണ്ടിയിരുന്നു. എന്നാൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം ഐ.ടി പ്രൊഫഷണൽസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പട്ടം എന്ന സ്ഥാപനത്തിൽ നിന്നുമുള്ള പർച്ചെയ്സ് ബില്ലുകളിൽ നിന്നും ഇപ്രകാരമുള്ള ടി.ഡി.എസ് കുറവുചെയ്തിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം | അടങ്കൽ | ചെലവ് | നികുതി ഒഴിവാക്കിയ തുക | ബിൽ നം, തീയതി | ടി.ഡി.എസ് ഇനത്തിൽ കുറവുചെയ്യേണ്ടിയിരുന്ന തുക |
|---|---|---|---|---|---|---|
| 1 | 78/23<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ലാപ്ടോപ്പ് നൽകൽ | 4ലക്ഷം<br>(തനത് ഫണ്ട്) | 388000 | 328814 | 1716735/<br>13.12.2022 RS 630500/- | 10686 |
| 2 | 142/23<br>ബ്ലോക്ക് ഓഫീസിൽ കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 500000<br>(തനത് ഫണ്ട്) | 242500 | 205508 | | |
| 3 | പ്രോജക്ട് നം , പേര്- 29/23, ലൈബ്രറികൾ ഇ-ലൈബ്രറികളാക്കൽ | 1278600<br>( ധനകാര്യകമ്മിഷൻ ഗ്രാന്റ് അൺടൈഡ്) | 1265640 | 1072576 | ബിൽ നം 436/25.03.23 | 21452 |
| ആകെ | | | 630500 | | | 32138 |

SGST/CGST ടി.ഡി.എസ് ഇനത്തിലെ 32,138/- രൂപ ബന്ധപ്പെട്ട് സ്ഥാപനത്തിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

തുകകൾ ഒടുക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6/26.07.2023 ) മറുപടി ലഭ്യമാക്കിയത്.

## 1-12 സെക്രട്ടറിയുടെ പേരിൽ ആരംഭിച്ചിരിക്കുന്ന അക്കൌണ്ടിന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

നേമം ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറിയുടെ പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, മലയിൻകീഴ് (അക്കൌണ്ട് നം 2034012718) ശാഖയിൽ ആരംഭിച്ചിരിക്കുന്ന അക്കൌണ്ടിന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ മുഴുവൻ ബാങ്ക് സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല ( 15.11.2022 മുതലുള്ള സ്റ്റേറ്റ്മെന്റാണ് ലഭ്യമാക്കിയത്)

ബാങ്ക് സ്റ്റേറ്റ്മെന്റിൽ 15.11.2022 ൽ 9,73,381/- രൂപ മറ്റൊരു അക്കൌണ്ടിൽ നിന്നും (അക്കൌണ്ട് നം 51098011736) ട്രാൻസ്ഫർ ചെയ്ത് വരവുവച്ചിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ്മെന്റിൽ പരാമർശിച്ചിരിക്കുന്ന 51098011736 നമ്പർ അക്കൌണ്ടിന്റെ വിശദാംശങ്ങൾ, തുക പ്രസ്തുത അക്കൌണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് പുതിയ അക്കൌണ്ടിൽ നിക്ഷേപിക്കാനുള്ള കാരണം , പ്രസ്തുത അക്കൌണ്ടിന്റെ നിലവിലെ സ്ഥിതി, ബാങ്ക് സ്റ്റേറ്റ്മെന്റ് തുക Unidentified എന്നയിനത്തിൽ പിൻവലിച്ച് പുതിയ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യാനുള്ള കാരണം , എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/29.07.2023 ന് മറുപടി ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ് "സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയിൽ 10 വർഷത്തോളം ട്രാൻസാക്ഷൻ നടക്കാതെ കിടന്ന 51098011736 നമ്പർ അക്കൌണ്ട് RBI തിരികെ പിടിച്ചതിനുശേഷം തുക മടക്കി നൽകിയപ്പോഴാണ് 2034012718 എന്ന അക്കൌണ്ട് തുടങ്ങി ആയതിൽ നിക്ഷേപിച്ചിരിക്കുന്നത്. ടി തുക സംബന്ധിച്ച് പരിശോധന നടത്തി ആയത് സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുന്നതിനോ അല്ലെങ്കിൽ മറ്റ് വകകൾക്ക് ഉപയോഗിക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കുന്നതാണ്".

## 1-13 പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാനാകാത്തത്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വണ്ടന്നൂർ വാർഡിൽ ഏറെകീളിയോട് കുളം സംരക്ഷണം -ഊരുട്ടമ്പലം ഡിവിഷൻ |
| പ്രോജക്ട് നം | 167/23 |
| അടങ്കൽ തുക | 800000 |
| ചെലവ് തുക | 654452 |
| ബിൽ | 396/20.03.2023 |

| | |
|---|---|
| നം/തീയതി | |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

മാറനല്ലൂർ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതി പ്രദേശം 31.07.2023-ൽ ഓവർസീയറുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി.കുളത്തിൽ വെള്ളം സംഭരിച്ച് നിർത്തുന്നതിനാവശ്യമായി സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിനാൽ കുളം വറ്റിയ അവസ്ഥയിലാണെന്ന് പ്രസ്തുത പരിശോധന വേളയിൽ ഓഡിറ്റിന് മനസ്സിലാക്കാൻ സാധിച്ചു. വെള്ളം സംഭരിച്ച് നിർത്താനുള്ള സംവിധാനങ്ങളുടെ അഭാവത്തിൽ ടി കുളം കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കാനാവാത്ത അവസ്ഥയിലാണ്. 654452/- രൂപ ചെലവഴിച്ച് നവീകരിച്ച കുളം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകാതെ നിഷ്ക്രിയ ആസ്തിയായി നിലകൊള്ളുന്നു. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-20/2022-23 -ന് വെള്ളം സംഭരിച്ച് നിർത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണെന്ന് മറുപടി നൽകി. വെള്ളം സംഭരിച്ച് നിർത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സബ്സെന്റർ- കെട്ടിടനിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ബാലരാമപുരം ഹെൽത്ത് സബ് സെന്റർ പുതിയകെട്ടിട നിർമ്മാണം- ബാലരാമപുരം പഞ്ചായത്ത് അന്തിയൂർ ഡിവിഷൻ |
| പ്രോജക്ട് നം | 74/23 |
| അടങ്കൽ തുക | 500000 |
| ചെലവ് തുക | 499513 |
| ബിൽ നം/തീയതി | 75/22-23 29.03.23 |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ബാലരാമപുരം പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതി പ്രദേശം 31.07.2023-ൽ ഓവർസീയറുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി.പ്രസ്തുത പരിശോധനയിൽ പ്രോജക്ടിൽ വിഭാവനം ചെയ്ത സിവിൽ വർക്കുകൾ പൂർത്തിയാക്കി. എങ്കിലും ഇലക്ട്രിഫിക്കേഷൻ , പ്ലംബിംഗ് എന്നീ വർക്കുകൾ ചെയ്തിട്ടില്ലാത്തതിനാൽ സബ്സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് നിലവിൽ പര്യാപ്തമല്ല എന്ന് ബോധ്യപ്പെട്ടു. പദ്ധതി മാർഗരേഖ (സഉ(കൈ)നം-84/2022/ത.സ്വ.ഭ.വ തീയതി 19.04.2023) ഖണ്ഡിക3.5.1(8) കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധസൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബ്ബിംഗ്, മറ്റ് ഘടകങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായിട്ടാണ് തയ്യാറാക്കേണ്ടത് . എന്നാൽ ഇതിന് വിരുദ്ധമായി കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ മാത്രമാണ് പ്രോജക്ടായി വച്ചിട്ടുള്ളത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-24/22-23-ന് കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് , മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി സബ്സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് . തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 3445955/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സ്നേഹസ്പർശം |
| പ്രോജക്ട് നം | 122/23 |
| അടങ്കൽ തുക | 3601767 |
| ചെലവ് തുക | 3445955 |
| നിർവഹണ ഉദ്യോഗസ്ഥ | സി.ഡി.പി.ഒ |

സുലേഖ ചെലവ് പത്രിക പ്രകാരം സ്നേഹസ്പർശം എന്ന പ്രോജക്ടിനായി 3445955/-രൂപ ചെലവഴിച്ചിട്ടുണ്ട്.പ്രസ്തുത ചെലവിന് നിദാനമായ ചെലവ് രേഖകൾ, പ്രോജക്ട് ഫയൽ എന്നിവ ഹാജരാക്കിയില്ല.രേഖകൾ ഹാജരാക്കുന്നതിന് 01/2022-23 തീയതി 27.07.2023 നമ്പരായി ഓഡിറ്റ് റിക്വസിഷനും , 01.08.2023 തീയതിയിൽ 21/2022-23 നമ്പരായി ഓഡിറ്റ് അന്വേഷണവും നൽകിയിരുന്നു.എന്നാൽ മേൽ പ്രോജക്ട് ഫയൽ , ചെലവ് രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയായ 3445955/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 വി.എഫ്.പി.സി.കെ. സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ - സി.സി.ടി.വി. സ്ഥാപിച്ചില്ല

പദ്ധതി നമ്പർ:197
പദ്ധതിയുടെ പേര്: വി.എഫ്.പി.സി.കെ. സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ
അടങ്കൽ തുക:1,50,000/-

ചെലവ് തുക: 1,50,000/-

നിർവഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ, തീയതി:13/2022-23, 28.03.2023

സി സി ടി വി സ്ഥാപിക്കുന്നതിനായി 28.03.2023 ൽ 1,50,000/- തുക പി.ഡബ്ല്യ.ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിരുന്നു ( അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പി.ഡബ്ല്യു,ഡി, ഇലക്ട്രോണിക്സ് സബ് ഡിവിഷൻ, റൂറൽ) എന്ന വിലാസത്തിലെ സ്ഥാപനത്തിന് നൽകിയിരുന്നു . എന്നാൽ സി.സി.ടി.വി നാളിതുവരെ സ്ഥാപിച്ചിട്ടില്ല. തുക സ്വീകരിച്ചതിന്റെ കൈപറ്റ് രസീത് ഇല്ല. സി.സി.ടി.വി ക്യാമറ സ്ഥാപിച്ച് പൂർത്തീകരണ റിപ്പോർട്ട് നൽകുന്നതിനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കുമെന്നാണ് ഈ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് ( 23/2023, 02.08.2023) മറുപടി നൽകിയത്. തുടർനടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 13-ാം പദ്ധതി കാലയളവിൽ ആരംഭിച്ച പദ്ധതികൾ നിഷ്ക്രിയ ആസ്തികളായി തുടരുന്നു.

ത്രിതല പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായ മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി നേമം ബ്ലോക്ക് പഞ്ചായത്ത് 2018-19 ൽ 1036967/- രൂപ ചെലവിട്ട് RRF (Resource Recovery Facility) നായി ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിനുള്ളിൽ കെട്ടിടം നിർമ്മിക്കുകയും, 2019-20 ൽ 1037085/- രൂപ ചെലവിട്ട് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ടി യൂണിറ്റുകൾ നാളിതുവരെ പ്രവർത്തനം ആരംഭിക്കാതെ യന്ത്ര സാമഗ്രികൾ തുരുമ്പെടുത്ത് നശിച്ചിട്ടുള്ള അവസ്ഥയിലാണ്. കെട്ടിടം കാട് മൂടിയ അവസ്ഥയിലുമാണ്. 05.08.22 ന് കൂടിയ ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മിറ്റി, (തീരുമാനം നമ്പർ 5(8)) RRF ന് വേണ്ടി പണിത ടി കെട്ടിട MCF ന് വേണ്ടി ഉപയോഗിക്കാൻ തീരുമാനമെടുത്തെങ്കിലും തുടർ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ.4/23 തീയതി 25.07.23) നൽകിയ മറുപടിയിൽ, RRF പ്രവർത്തന സജ്ജമാക്കാൻ ബ്ലോക്ക് പഞ്ചായത്ത് നിരന്തരം പരിശ്രമിക്കുന്നുവെന്നും, എന്നാൽ പ്രദേശവാസികളുടെയും, റസിഡൻസ് അസോസിയേഷന്റെയും പ്രക്ഷോഭവും എതിർപ്പും കാരണം പദ്ധതി ലക്ഷ്യം കണ്ടില്ല എന്നുമാണ് ബ്ലോക്ക് പഞ്ചായത്ത് നൽകിയ മറുപടി.

പ്രദേശവാസികളെ വിശ്വാസത്തിലെടുത്ത് RRF ന്റെ പ്രവർത്തനം ആരംഭിക്കാൻ വേണ്ട നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വകരിക്കേണ്ടതാണ്.







## 1-18 ഔദ്യോഗിക വാഹനത്തിന്റെ ട്രാഫിക് പിഴത്തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയത് ക്രമവിരുദ്ധം - ചെലവ് തുക 5200/- രൂപ നിരാകരിക്കുന്നു

നേമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായിരുന്ന KL 20 D 5207, ഉപയോഗശൂന്യമായതിനെ തുടർന്ന് SS Scrap മണക്കാട് എന്ന സ്ഥാപനത്തിന് ലേലം ചെയ്ത് നൽകിയിരുന്നു. തുടർന്ന് ടി വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന്റെ ഭാഗമായി, ടി വാഹനം 2014 മുതൽ 2017 വരെ അമിത വേഗതയിൽ സഞ്ചരിച്ചതിന്റെ 15 കേസുകൾ തീർപ്പാക്കുന്നതിനായി 6000/- രൂപ പിഴ ഈടാക്കുവാൻ മോട്ടോർ വാഹന വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 16.01.2023 ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി TSB അക്കൗണ്ടിൽ നിന്നും ചെക്ക് നമ്പർ 1716778 മുഖേന 5200/- രൂപ പിൻവലിച്ച് ഒടുക്കിയതായിട്ടുണ്ട്. ട്രാഫിക് നിയമലംഘനത്തിനുള്ള പിഴത്തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കിയത് ക്രമവിരുദ്ധമായതിനാൽ ആയത് ഓഡിറ്റിൽ നിരാകരിക്കുന്നു. (വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ)

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഔദ്യോഗിക വാഹനത്തിന്റെ ട്രാഫിക് പിഴത്തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയത് ക്രമവിരുദ്ധം - ചെലവ് തുക 5200/- രൂപ നിരാകരിക്കുന്നു

നേമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായിരുന്ന KL 20 D 5207, ഉപയോഗശൂന്യമായതിനെ തുടർന്ന് SS Scrap മണക്കാട് എന്ന സ്ഥാപനത്തിന് ലേലം ചെയ്ത് നൽകിയിരുന്നു. തുടർന്ന് ടി വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന്റെ ഭാഗമായി, ടി വാഹനം 2014 മുതൽ 2017 വരെ അമിത വേഗതയിൽ സഞ്ചരിച്ചതിന്റെ 15 കേസുകൾ തീർപ്പാക്കുന്നതിനായി 6000/- രൂപ പിഴ ഈടാക്കുവാൻ മോട്ടോർ വാഹന വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 16.01.2023 ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി TSB അക്കൗണ്ടിൽ നിന്നും ചെക്ക് നമ്പർ 1716778 മുഖേന 5200/- രൂപ പിൻവലിച്ച് ഒടുക്കിയതായിട്ടുണ്ട്. 17.01.23 ലെ ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 2(21) നമ്പർ തീരുമാന പ്രകാരം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പിഴത്തുക ഒടുക്കുവാനും ഫൈൻ വരുത്തിയ മുൻ ഡ്രൈവർമാർക്ക് നോട്ടീസ് നൽകി തുക തിരികെ ഈടാക്കാനും തീരുമാനിച്ചുവെങ്കിലും ഡ്രൈവർമാരിൽ നിന്നും പിഴത്തുക ഈടാക്കിയതായി കാണുന്നില്ല. ട്രാഫിക നിയമലംഘനത്തിനുള്ള പിഴത്തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കിയത് ക്രമവിരുദ്ധമായതിനാൽ ആയത് ഓഡിറ്റിൽ നിരാകരിക്കുന്നു.

ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം22 തീയതി 02.08.23) ഉത്തരവാദിയായ ഡ്രൈവറിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിവരം ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. എന്നാൽ വാർഷിക ധനകാര്യപത്രിക ബാലൻസ്ഷീറ്റ്-B4 Schedule പ്രകാരം നീക്കിയിരിപ്പും, റസീപ്റ്റ് & പേമെന്റ്-RP-31, പ്രകാരം വരവും അക്കൗണ്ട് ചെയ്തിട്ടുണ്ട്. മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത വിഷയം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഖണ്ഡിക 1-1- ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
സ്റ്റേറ്റ്മെന്റ് ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർഹണഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | കുറിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ- രണ്ടാം ഘട്ടം ബാലരാമപുരം ഡിവിഷൻ -കോട്ടുകാൽക്കോണം വാർഡ് | 110670 | - | 110670 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| **പി.ഡബ്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ | **VFPCK CCTV** ക്യാമറ ഇൻസ്റ്റലേഷൻ **(197/23)** | 150000 | - | 150000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |

** നിക്ഷേപ പ്രവൃത്തിയ്ക്ക് തുക നൽകിയതിന്റെ വിവരങ്ങൾ ശരിയായ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യപത്രികയിലെ വിവരങ്ങൾ

| സ്ഥാപനം | മുന്നിരിപ്പ് | നൽകിയ തുക | *തിരികെ ലഭ്യമായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കെ.എസ് | 3902013 | 0 | 0 | 3902013 |

| | | | | |
|---|---|---|---|---|
| .ഇ.ബി | | | | |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 3913495 | **0** | 0 | 3913495 |
| കേരള വാട്ടർ അതോറിറ്റി | 4163891 | 0 | 0 | 4163891 |

***പദ്ധതി വിഹിതത്തിൽ വകയിരുത്തി 2015-16മുതൽ 2021-22** വരെ കാലയളവിൽ വിവിധ കുടിവെള്ള പദ്ധതികൾക്കായി നേമം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവാകാത്ത തുക **19,95,548/-**രൂപ മിസല്ലേനിയസ് അക്കൌണ്ടിൽ നിന്നും **( CBI** മലയിൻകീഴ്**)** സർക്കാരിന്റെ **ROP** ഹെഡിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ **19.01.23** ലെ **313/BP3/2022/NMM** നടപടിക്രമം പ്രകാരം ഉത്തരവായിട്ടുണ്ട്**. (**വൌച്ചർ നം **19/03-2022-23)** പ്രസ്തുത തുക ഒടുക്കുകയും ചെയ്തിട്ടുണ്ട്**.** എന്നാൽ ബന്ധപ്പെട്ട ബാധ്യത ശീർഷകത്തിൽ തുക കുറവ് ചെയ്തിട്ടില്ല**.**

നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| പ്രോജക്ടിന്റെ പേര് | നൽകിയ സ്ഥാപനം | തുക | ഫണ്ട്, തീയതി |
|---|---|---|---|
| നേമം ബ്ലോക്ക് പ്രോജക്ട് ഓഫീസ് അനുബന്ധ സ്ഥാപനങ്ങളുടെ ആസ്തി നവീകരണം 22/2022-23 | കാഡ്കോ | 548533 | ധനകാര്യകമ്മിഷൻ ഗ്രാന്റ് 30.03.23 |

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഐ.എ. വൈ ലോൺ കല്ലിയൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് | സ.ഉ (എം.എസ്) 90/13/ തസ്വഭവ തീയതി 14.03.2013 | 6000000 | 855392** | 450000 | 405392*** |

* സെക്രട്ടറിയുടെ 70/21 നമ്പർ പ്രോജക്ട് പ്രകാരം 4,50,000/- രൂപയുടെ തിരിച്ചടവ് ഉണ്ട്.

** മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം

*** തിരിച്ചടവ് തുക ധനകാര്യപത്രിക പ്രകാരം 855392എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

IAYലോൺ രജിസ്റ്ററിലെ നീക്കിയിരിപ്പും ധനകാര്യപത്രികയിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| നീക്കിയിരിപ്പ് | |
|---|---|
| ലോൺ രജിസ്റ്റർ പ്രകാരം | 405312 |
| ധനകാര്യപത്രിക പ്രകാരം | 855392 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ

ഇല്ല

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 20253655 |
| ഓഡിറ്റ് വർഷത്തെ വരവ് | 111544348 |
| ആകെ | 131798003 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 124452794 |
| നീക്കിയിരിപ്പ് | 7345209 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3445955 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 5200 | സെക്രട്ടറി |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 3445955 | ബിന്ദുകുമാരി, ശിശുവികസന ഓഫീസർ |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം .

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1 | കെ.അജികുമാർ സെക്രട്ടറി | - | സാന്ദ്രം, വെങ്ങാനൂർ.പി.ഒ |
| 2 | ബിന്ദുകുമാരി ശിശുവികസന ക്ഷേമ ഓഫീസർ | - | വിശ്വനിവാസ്, ചെല്ലമംഗലം, പൗഡിക്കോണം.പി.ഒ ശ്രീകാര്യം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം.ബി.പി./304/18, തീയതി 18.1.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/2038 /22, തീയതി 19.11.22 | 2 |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/ 2038 /22, തീയതി 19.11.22 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/2038 /22, തീയതി 19.11.22 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/2038 /22, തീയതി 19.11.22 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/2668/18, തീയതി 28.04.21 | 17 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/114/2020, തീയതി 08.09.21 | 24 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/976/2021, തീയതി 04.03.22 | 25 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ബി.പി./732/2022, തീയതി 07.06.22 | 17 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/409/2023, തീയതി 29.03.23 | 13 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number II(4) dated 20-06-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nemom Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nemom Block Panchayat for the year 2022-2023

Date: 16/10/2023

Joint Director
District Office Trivandrum
Kerala State Audit Department

### Audit Report appended to the Audit Certificate of Nemom Block Panchayat for the Year 2022-2023.

**1.Major Observations**

1. Non disclosure of Assets
E.g.- The details of the vehicle purchased at a cost of Rs.11,78,503/- under the project called Purchase of Vehicle for the Block Panchayat President
(Project No. 136/23) are not included in the balance sheet.

2. Payment Voucher misclassification

Eg- a. 1,10,670/- has been paid to KSEB for the work of Electrical Line Extension-II Phase Balaramapuram Division Kottukalkonam Ward executed by the Secretary as Executive Officer. But the amount is not booked in advance title.

b. Rs 1,50,000/ as deposit work has been given to PWD Electrical Division under the project of VFPCK CCTV Camera Installation (Project No. 197) executed by Assistant Director of Agriculture as Executive Officer.

But it is not booked in the deposit head.

**2.Other Observations**

1. The financial ratios, are not submitted to audit.
2.Schedule B1 containing the adjusted operating result for the current year has not been submitted.
3.Cash Flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4.Withdrawal without proper entry in bank book.

The bank statement of the existing account under SBI Malayin of MGNREGS has not been reconciled with the bank book. Such error occurs because multiple transactions are recorded together in the bank book without recording the income and expenses as per the bank pass book in the bank book at the respective time.

5.Advance received register(Liability), Deposit register are not maintained .
6.The amounts in the annual accounts and the sums entered in the respective registers do not match.

The balance in the IAYloan register and the balance in the ledger do not match.

7.Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items

8.Depreciation statement not submitted

9.Providing provision on doubtful debt without ascertaing year bar breakup of arrears/not providing adequate provision for doubtful debts

10.Grant liability amount shown as liability in balance sheet does not match with bank account opened for the specified grant amount.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്